## പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1738**

**22.03.2012 - ൽ മറുപടിയ്ക്ക്**

### എ.എസ്.ഐ. തസ്തികയിൽ ജോലി നോക്കി വരവെ മരണമടഞ്ഞവർക്കുള്ള ആശ്രിതനിയമനം

| ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) പോലീസ് വകുപ്പിൽ എ.എസ്.ഐ. തസ്തികയിൽ ജോലി നോക്കി വരവെ മരണമടഞ്ഞ സി.ബാലകൃഷ്ണന്റെ (2782) അവകാശിയായ ശ്രീ. എം. ശ്രീനെജ് ആശ്രിതനിയമനത്തിന് അപേക്ഷ നൽകിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എന്നാണ് അപേക്ഷ സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) ശ്രീ.എം.ശ്രീരജിന്റെ അപേക്ഷ 25.11.2010 ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| (സി) ഏത് തസ്തികയിലേയ്ക്കാണ് അപേക്ഷ സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) (1) എൽ.ഡി. ക്ലർക്ക് (2) പോലീസ് കോൺസ്റ്റബിൾ എന്ന മുൻഗണനാക്രമത്തിൽ |
| (ഡി) ശ്രീ. ശ്രീനെജിന്റെ അപേക്ഷ പ്രകാരം അദ്ദേഹത്തിന് നിയമനം നൽകുന്നതിനു മുന്നോടിയായി ശാരീരിക പരിശോധനയും മറ്റും നടത്തിയിട്ട് ഒരു വർഷത്തിലധികമായിട്ടും അദ്ദേഹത്തിന് നിയമനം നൽകുന്നതിനുള്ള നടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;<br>(ഇ) അദ്ദേഹത്തിന് എത്രയുംവേഗം നിയമനം നൽകുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ; എങ്കിൽ വ്യക്തമാക്കുമോ ? | (ഡി) & (ഇ) പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് പരിഗണിക്കുന്നതിനായി ശാരീരിക പരിശോധന നടത്തിയതിൽ ശ്രീരജ് പാസ്സായതായി ഡിജിപി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ. ശ്രീരജിന്റെ അപേക്ഷ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് കണ്ണൂർ ജില്ലാ കളക്ടറിൽ നിന്നും ലഭിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്നമുറക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ